മുആദ് ബിനു ജബൽ (അല്ലാഹുവിന്റെ തൃപ്തി അദ്ദേഹത്തിന്മേൽ ഉണ്ടാകട്ടെ) പറഞ്ഞു: നബി ﷺ പറഞ്ഞു: "അല്ലാഹുവിന് തന്റെ അടിമകൾക്കുമേലുള്ള അവകാശം എന്താണെന്ന് നിനക്ക് അറിയുമോ?" ഞാൻ പറഞ്ഞു: "അല്ലാഹുവിനും അവന്റെ ദൂതനുമാകുന്നു അത് നന്നായി അറിയാവുന്നത്." അദ്ദേഹം പറഞ്ഞു:"അല്ലാഹുവിന് തന്റെ അടിമകൾക്കുമേലുള്ള അവകാശം എന്തെന്നാൽ അവർ അവനെ മാത്രം ആരാധിക്കുകയും അവനോടൊപ്പം മറ്റൊന്നിനെയും പങ്കുചേർക്കുകയും അരുത് എന്നതാണ്..." [*ബുഖാരി, (6500)*]

## അല്ലാഹു എവിടെയാണ്?

അല്ലാഹു പറഞ്ഞു: പരമകാരുണികനായുള്ളവൻ (അല്ലാഹു) 'അർശി'ൽ (സിംഹാസനത്തിൽ) ആരോഹണം ചെയ്തിരിക്കുന്നു.

[*സൂറത്തു ത്വാഹാ : (5)*]

മുആവിയ ബിൻ അൽ ഹകം പറഞ്ഞു (അല്ലാഹുവിന്റെ തൃപ്തി അദ്ദേഹത്തിന്മേൽ ഉണ്ടാകട്ടെ): അദ്ദേഹത്തിന്റെ അടിമയായിരുന്ന പെൺകുട്ടിയോട് നബി ﷺ ചോദിച്ചു: "അല്ലാഹു എവിടെയാണ്?" അവൾ പറഞ്ഞു: "ആകാശങ്ങൾക്ക് മുകളിൽ" അദ്ദേഹം പറഞ്ഞു: "ഞാൻ ആരാണ്?"അവൾ പറഞ്ഞു: "താങ്കൾ അല്ലാഹുവിന്റെ ദൂതനാണ്. "

അപ്പോൾ അദ്ദേഹം പറഞ്ഞു: "അവളെ മോചിപ്പിക്കുവിൻ, തീർച്ചയായും അവൾ ഒരു വിശ്വാസിനിയാണ്."
[*മുസ്ലിം, (537)*]

## അല്ലാഹുവിനെ അറിയൽ

ഇമാം ഇബ്നുൽ ഖയ്യിം (751 ഹി.) പറഞ്ഞു: (അല്ലാഹു അദ്ദേഹത്തിന്മേൽ കാരുണ്യം ചൊരിയട്ടെ): "നമ്മുടെ ആരാധ്യൻ, ഖുർആനിൽ തന്റെ അടിമകളെ, അവനെക്കുറിച്ചുള്ള അറിവിലേക്ക് ക്ഷണിച്ചത് രണ്ടു മാർഗങ്ങളിലൂടെയാണ്;ഒന്ന്: അവന്റെ പ്രവർത്തികൾ വിലയിരുത്തുന്നതിലൂടെ, രണ്ട് :അവന്റെ വചനങ്ങളെ തൊട്ട് ചിന്തിക്കുകയും ഉറ്റാലോചിക്കുകയും ചെയ്യുന്നതിലൂടെ.

ആദ്യത്തേത് സാക്ഷ്യം വഹിക്കപ്പെടുന്ന അവന്റെ അടയാളങ്ങളും, രണ്ടാമത്തേത് കേൾക്കപ്പെടാവുന്നതും ചിന്തിച്ചു മനസ്സിലാക്കാവുന്നതുമായ അവന്റെ അടയാളങ്ങളും ആണ്. [*അൽഫവാഇദ്, (20)*]

അദ്ദേഹം ഇപ്രകാരവും പറഞ്ഞു:
"ആർക്കാണോ അല്ലാഹുവിനെ അവന്റെ നാമങ്ങളാലും വിശേഷണങ്ങളാലും, പ്രവർത്തികളാലും അറിയാവുന്നത്, അവന് അല്ലാഹുവിനെ സ്നേഹിക്കൽ അനിവാര്യമാകും."
[*മദാരിജുസ്സാലികീൻ, (17/3)*]

---

*(നമ്മുടെ സഹോദരൻ*
*അബൂ സുലൈമാൻ ഫൈസൽ ബിൻ അബ്ദിൽഖാദിർ*
*ഇംഗ്ലീഷിൽ തയ്യാറാക്കിയ ചില ലഘുലേഖകളുടെ*
*വിവർത്തനമാകുന്നു ഇത്).*

---

വിവർത്തനം:
**അബൂ റയ്യാൻ അബ്ദുല്ലാഹ്**
(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും
അവന്റെ മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)

مركز علوم السنة
MARKAZU ULOOMISSUNNAH

70# Bisra, Bismillah Road,
Melakkam, Manjeri - 676123, Malappuram, Kerala

T.me/Altadhkira
T.me/uloomussunnah www.uloomussunnah.com

**ഇസ്‌ലാം: ഒരു ആമുഖം**

# നിങ്ങൾക്ക് അല്ലാഹുവിനെ അറിയുമോ?

بسم الله الرحمن الرحيم

**ഇസ്ലാമിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ലഘുലേഖകളിൽ ആദ്യത്തേതാകുന്നു ഇത്. യഥാർത്ഥമായ ഇസ്ലാമിനെ ലളിതവും വ്യക്തവുമായ രീതിയിൽ പരിചയപ്പെടുത്തുവാൻ ആണ് ഈ ലഘുലേഖകൾ ക്രമീകരിച്ചിട്ടുള്ളത്.**

**ഈ ലഘുലേഖയിൽ, (അല്ലാഹുവിന്റെ അനുമതിയോടെ) നമ്മുടെ ആരാധ്യനും, സ്രഷ്ടാവും, ഏക പരിപാലകനുമായ അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ പഠിക്കും.**

**നമ്മെ ഏവരെയും നേർമാർഗ്ഗത്തിലേക്ക് നയിക്കുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു, തീർച്ചയായും അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു.**

## • എന്താണ് അല്ലാഹു എന്ന നാമത്തിന്റെ അർത്ഥം?

അല്ലാഹു എന്ന നാമത്തിന്റെ ഭാഷാപരമായ അർത്ഥം 'ആരാധ്യൻ' എന്നാണ്. അത് അൽഇലാഹ് (ആരാധ്യൻ) എന്ന വാക്കിൽ നിന്നാണ് എടുക്കപ്പെട്ടിട്ടുള്ളത്.

ഇമാം അത്ത്വബരി(310 ഹി.) പറഞ്ഞു (അല്ലാഹു അദ്ദേഹത്തിന്മേൽ കാരുണ്യം ചൊരിയട്ടെ): "അതുപോലെ, അല്ലാഹു എന്ന നാമത്തിന്റെ ഉത്ഭവം 'ഇലാഹ് '(ആരാധ്യൻ) ആണ്. (പിന്നീട് അദ്ദേഹം 'അൽഇലാഹ് ' എന്ന വാക്ക് എങ്ങനെയാണ് 'അല്ലാഹ് ' എന്നായി മാറിയതെന്ന് ഭാഷാപരമായി വിശദീകരിച്ചു).

[ *തഫ്സീർ അത്ത്വബരി,(125/1)* ]

ഇമാം ഖുർതുബി (671 ഹി.) പറഞ്ഞു (അല്ലാഹു അദ്ദേഹത്തിന്മേൽ കാരുണ്യം ചൊരിയട്ടെ): "അല്ലാഹ്: ഇത് അവന്റെ ഉന്നതമായതും, സമഗ്രമായതുമായ നാമങ്ങളിൽ ഏറ്റവും മഹത്തായ നാമം ആകുന്നു." ചില പണ്ഡിതന്മാർ പറഞ്ഞു: അത് അല്ലാഹുവിന്റെ ഏറ്റവും മഹത്തായ നാമമാകുന്നു. മറ്റാർക്കും ഈ നാമം നൽകപ്പെടുകയില്ല. അതുപോലെ, അതിനെ സ്ത്രീലിംഗമോ, ബഹുവചനമോ ആക്കുവാൻ സാധിക്കുകയില്ല.

അല്ലാഹു ഖുർ'ആനിൽ പറഞ്ഞു:
"അവന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?"

[ *സൂറത്തു മർയം : (65)* ]

ഈ ആയത്തിന്റെ ഒരു വിശദീകരണം: 'അവന്റെ 'അല്ലാഹ് ' എന്ന നാമത്താൽ വിളിക്കപ്പെട്ട ആരാണുള്ളത്?" എന്നാണ്.

ഇമാം സഅ്ദി (1376 ഹി.) പറഞ്ഞു (അല്ലാഹു അദ്ദേഹത്തിന്മേൽ കാരുണ്യം ചൊരിയട്ടെ): "അല്ലാഹു എന്നാൽ ആരാധിക്കപ്പെടുന്നവൻ എന്നാണ്. അവന്റെ സൃഷ്ടികളിൽ നിന്നുള്ള ആരാധനയ്ക്ക് അർഹനായ ഏക ഉടമ."

[ *തഫ്സീർ അസ്സഅ്ദി,(298/5)* ]

## • അവന്റെ വിശേഷണം

അല്ലാഹു ഖുർആനിൽ പറഞ്ഞു:(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.അല്ലാഹു അസ്സമദ് ആകുന്നു (ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു, അവൻ ആരെയും ആശ്രയിക്കുന്നുമില്ല).അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും

[ *സൂറത്തുൽ ഇഖ്ലാസ് : ( 1-4 )* ]

അവൻ പറഞ്ഞു: താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്ത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ

[ *സൂറത്തുൽ ഹശ്ർ (23)* ]

അവൻ പറഞ്ഞു: അല്ലാഹുവിന് ആകുന്നു ഏറ്റവും നല്ല പേരുകളുള്ളത്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക.

[ *സൂറത്തുൽ അ'റാഫ് : (80)* ]

അവൻ പറഞ്ഞു: ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?

[ *സൂറത്തു മർയം : (65)* ]

അവൻ പറഞ്ഞു: അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.

[ *സൂറത്തു അശ്ശൂറാ : (11)* ]

## • അല്ലാഹു ഏകനാണ്

അല്ലാഹു പറഞ്ഞു: ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻെറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.

[ *സൂറത്തു അന്നിസാ' : (171)* ]

**അല്ലാഹുവിന് (തന്റെ അടിമകളുടെ മേൽ) ഉള്ള അവകാശം എന്തെന്നാൽ നാം അവനെ ഏകനാക്കി, മറ്റൊന്നിനോടും പങ്കുചേർക്കാതെ ആരാധിക്കണം എന്നതാണ്**